**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ശ്രീമതി. ദീപ എൽ. എസ്. - നെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 1173/ 2020/ തസ്വഭവ. തീയതി, തിരുവനന്തപുരം, 17/ 06/ 2020.

---

പരാമർശം :- 1. തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ശ്രീമതി. ദീപ എൽ. എസ്. ന് നൽകിയ 13.08.2019 തീയതിയിലെ തസ്വഭവ-ഇ.യു. 1/ 200/ 2019-ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

2. കുറ്റപത്രത്തിന് ശ്രീമതി. ദീപ എൽ. എസ്. സമർപ്പിച്ച 26.10.2019 തീയതിയിലെ പ്രതിവാദ പത്രിക.

3. നഗരകാര്യ ഡയറക്ടറുടെ 28.05.2020 തീയതിയിലെ ജി 1-10439/ 2018 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ നഗരസഭകളിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനായി തയ്യാറാക്കി നടപ്പിലാക്കിവരുന്ന കെ-സ്വിഫ്റ്റ് സംവിധാനം ഉപയോഗിച്ചതിലെ പിഴവു മൂലം കെട്ടിട നിർമ്മാണാനുമതികൾ ഡീംഡ് ആയി അനുവദിച്ച് നൽകിയത് സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയായ ശ്രീമതി. ദീപ എൽ. എസ്. നെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം ഒന്ന് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

2. കെ-സ്വിഫ്റ്റ് പോർട്ടൽ 2019 മാർച്ചിലാണ് പൊതുനിർവ്വഹണാർത്ഥം അനുവദിച്ച് നൽകിയിട്ടുള്ളതെന്നും തിരുവനന്തപുരം നഗരസഭയ്ക്ക് ആയത് ഉപയോഗിക്കുന്നതിനുള്ള യൂസർ നെയിം, പാസ് വേർഡ് എന്നിവ നഗരകാര്യ

ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച് കിട്ടിയത് 19/06/2019 ലാണെന്നും ശ്രീമതി. ദീപ എൽ. എസ്. പരാമർശം രണ്ട് പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ രേഖപ്പെടുത്തുകയുണ്ടായി. ടിയാരി അന്നേ ദിവസം തന്നെ പോർട്ടൽ ഉപയുക്തമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും എന്നാൽ അതിനു മുൻപു തന്നെ ലൈസൻസുകൾ ഡീംഡ് ആയി അനുവദിക്കപ്പെട്ടിട്ടുള്ളതാണെന്നും നിയമപ്രകാരം 30 ദിവസത്തിനുള്ളിൽ ലൈസൻസ് അനുവദിക്കാത്ത പക്ഷം നിരുപാധികം സോഫ്റ്റ് വെയർ മുഖേന ലൈസൻസ് അനുവദിക്കപ്പെട്ടതിന് പിന്നിൽ ടിയാളുടെ ഭാഗത്ത് ബോധപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും മറുപടിയിൽ അറിയിച്ചിരിക്കുന്നു. കെ-സ്വിഫ്റ്റ് പോർട്ടൽ മുഖേന ലൈസൻസുകൾ അനുവദിക്കുന്ന ആവശ്യത്തിലേക്ക് 25 ഹെൽത്ത് ഇൻസ്പെക്ടർമാരെയും 3 ഹെൽത്ത് സൂപ്പർവൈസർമാരെയും വെരിഫയർമാരായും അപ്രൂവർ ആയി നോഡൽ ഓഫീസർ ആയ നഗരസഭയിലെ ഹെൽത്ത് ഓഫീസറെയുമാണ് നിയോഗിക്കപ്പെട്ടിട്ടുള്ളതെന്നും യൂസർ നെയിമും പാസ് വേർഡും ഇല്ലാതെ മേൽ വ്യക്തികൾക്ക് പോർട്ടൽ ഉപയോഗിക്കാൻ കഴിയുന്നതല്ലെന്നും മറുപടിയിൽ വ്യക്തമാക്കുന്നു. പുതിയ സോഫ്റ്റ് വെയർ ഉപയോഗിക്കുമ്പോൾ ധാരാളം പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായും ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുന്നതിന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും 17/09/2019-ൽ മാത്രമാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും കെ.എസ്.ഐ.ഡി.സി. മുഖേന 18/10/2019 ൽ മാത്രമാണ് പരിശീലന പരിപാടികൾ ആരംഭിച്ചതെന്നും ശ്രീമതി. ദീപ എൽ. എസ്. മറുപടിയിൽ വ്യക്തമാക്കുന്നു. ടിയാളുടെ ഭാഗത്ത് യാതൊരുവിധ വീഴ്ചകളോ കൃത്യവിലോപങ്ങളോ ഉണ്ടായിട്ടില്ലാത്തിനാൽ തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

3. തിരുവനന്തപുരം നഗരസഭയിൽ കെ-സ്വിഫ്റ്റ് പോർട്ടൽ മുഖേന പെർമിറ്റ് ലൈസൻസ് ലഭിക്കുന്നതിന് 7 സ്ഥാപനങ്ങൾ അപേക്ഷിച്ചിരുന്നു. എന്നാൽ യഥാസമയം ടി വിഷയത്തിൽ നടപടി സ്വീകരിക്കാത്തതു മൂലം പ്രസ്തുത സ്ഥാപനങ്ങൾക്ക് ഡീംഡ് (deemed) പെർമിറ്റ് നൽകേണ്ട സാഹചര്യം ഉണ്ടായി.

കെ.എസ്.ഐ.ഡി.സി. വിഭാവനം ചെയ്ത കെ-സ്വിഫ്റ്റ് സോഫ്റ്റ് വെയർ പ്രാരംഭ ദശയിൽ ചില സാങ്കേതിക തടസ്സങ്ങൾ നേരിട്ടിരുന്നതും നാളിതുവരെ വാർഡ് മാപ്പിംഗ്, യൂസർ മാപ്പിംഗ് എന്നിവ നടത്തിയിട്ടില്ലാത്തതുമാണ്. നഗരസഭകളിലെ കെ-സ്വിഫ്റ്റ് നോഡൽ ഓഫീസർമാർക്ക് ലോഗ് ഇൻ ഐഡി, പാസ്സ് വേർഡ് എന്നിവ പ്രാപ്യമാക്കുന്നതിനുള്ള സൗകര്യം 03/05/2019 തീയതിയിലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളതെന്ന് അന്നേ ദിവസം കെ.എസ്.ഐ.ഡി.സി. യിൽ നിന്നും കത്ത് മുഖേന നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം നോഡൽ ഓഫീസർമാരുടെ പേരുവിവരങ്ങൾ, ഫോൺ നം. ഇമെയിൽ ഐഡി എന്നിവ സമയബന്ധിതമായി ഈ വകുപ്പിൽ നിന്നും ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുള്ളതും 20/06/2019 തീയതിക്ക് മുൻപ് തന്നെ പ്രസ്തുത വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. കുറ്റാരോപണ മെമ്മോയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ഡീംഡ് ആയ അപേക്ഷകൾ 2019 മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് കെ-സ്വിഫ്റ്റ് സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യപ്പെട്ടിട്ടുള്ളത്. കെ-സ്വിഫ്റ്റ് മുഖേന ലൈസൻസ് സംബന്ധിച്ച നിർവ്വഹണങ്ങൾ നടത്തുന്നത് പുതിയ സംരംഭമായിരുന്നതിനാൽ സാങ്കേതികമായും പ്രായോഗികമായും ധാരാളം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മുഖേന നഗരകാര്യ ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണ് ഇത് സംബന്ധിച്ച നടപടികൾ നഗരസഭാ തലത്തിൽ സ്വീകരിച്ച് വന്നിട്ടുള്ളത്. ടി വിഷയത്തിൽ നഗരകാര്യ ഡയറക്ടറേറ്റിലോ നഗരസഭാ തലത്തിലോ നടപടികൾ സ്വീകരിക്കുന്നതിന് കാലവിളംബം സംഭവിച്ചിട്ടില്ലാത്തതാണ്. കെട്ടിട നിർമ്മാണം സംബന്ധിച്ച ലൈസൻസുകൾ വ്യക്തമായ കരുതലില്ലാതെ ടി സോഫ്റ്റ് വെയർ മുഖേന നടപ്പിലാക്കിയതു മൂലമുണ്ടായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളതെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം മൂന്ന് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആയതിനാൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ശ്രീമതി. ദീപ എൽ.എസ്. നെതിരായ ആരോപണങ്ങൾ കെ-സ്വിഫ്റ്റ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടും പ്രാരംഭ

നിർവ്വഹണഘട്ടത്തിലുണ്ടായ സ്വാഭാവിക കാലതാമസവും പരിഗണിച്ച് മാപ്പാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.സ്വിഫ്റ്റ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടും പ്രാരംഭ നിർവ്വഹണഘട്ടത്തിലുണ്ടായ സ്വാഭാവിക കാലതാമസവും പരിഗണിച്ചും നഗരകാര്യ ഡയറക്ടറുടെ ശുപാർശ പരിഗണിച്ചും തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയായ ശ്രീമതി. ദീപ എൽ. എസ്.-നെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീമതി. ദീപ എൽ. എസ്., സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ് (02.08.2019 തീയതിയിലെ 154/ആർ.ഡി.1/19/ത.സ്വ.ഭ.വ. നമ്പർ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.